# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2266 — 10.10.2011 ൽ മറുപടിക്ക്

## വാഹന രജിസ്ട്രേഷന് അഡ്രസ്സ് പ്രൂഫ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ വാഹന രജിസ്ട്രേഷന് അഡ്രസ്സ് പ്രൂഫ് നൽകുന്നതിൽ വ്യക്തമായ വിവരങ്ങൾ ഇല്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) അഡ്രസ്സ് പ്രൂഫിന് സർക്കാർ ജീവനക്കാർക്ക് അവരുടെ ഔദ്യോഗിക തിരിച്ചറിയിൽ കാർഡ് തെളിവായി ആർ. ടി. ഒ. ഓഫീസിൽ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 4 ൽ നിഷ്കർഷിച്ചിരിക്കുന്ന രേഖകളാണ് മേൽ വിലാസത്തിനായി പരിഗണിക്കുന്നത്. ഇതിൽ മാറ്റം വരുത്തുവാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ മാത്രം നിക്ഷിപ്തമാണ് |
| (സി) വാഹന രജിസ്ട്രേഷൻ കഴിഞ്ഞാൽ ആർ. സി. ബുക്ക് എത്രയുംവേഗം അവരുടെ പ്രസന്റ് അഡ്രസ്സിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) നിലവിൽ അപേക്ഷകന് നേരിട്ട് ഓഫീസുകളിൽ ഹാജരായി തന്റെ രേഖകൾ കൈപ്പറ്റുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. മാത്രമല്ല, നിലവിലുള്ളതും രേഖകൾ പ്രകാരമുള്ളതുമായ മേൽ വിലാസത്തിലാണ് രേഖകൾ അയയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ